**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2083** **30-09-2025 - ൽ മറുപടിയ്ക്ക്**

**വോട്ടർ പട്ടികയിൽ സ്പെഷൽ ഇന്റെൻസീവ് റിവിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ സ്പെഷൽ ഇന്റെൻസീവ് റിവിഷൻ നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് തയാറെടുപ്പുകൾക്കായി എന്നാണ് ആദ്യമായി സംസ്ഥാനത്തിന് കത്തയച്ചതെന്ന് അറിയിക്കാമോ; ഇതേ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് എസ്. ഐ. ആർ. ഇതിനു മുൻപ് പൂർണമായി നടന്നത് ഏതൊക്കെ വർഷങ്ങളിലാണ്; പ്രസ്തുത വോട്ടർ പട്ടിക പരിഷ്കരണം എന്തെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് നടത്തിയതെന്ന് അറിയിക്കുമോ; | (ബി) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പരിഷ്കരണങ്ങൾ എസ്. ഐ. ആർ. നടപടി ക്രമങ്ങൾ പാലിച്ചാണോ അതോ സാധാരണ വോട്ടർ പട്ടിക പരിഷ്കരണ നടപടികളനുസരിച്ചാണോ നടത്തിയതെന്ന് അറിയിക്കാമോ; പ്രസ്തുത വർഷങ്ങളിലെ എസ്. ഐ. ആർ. നടപടികൾ ബി. എൽ. ഒ.മാർ വീടുകൾ സന്ദർശിച്ചാണോ നടത്തിയതെന്ന് അറിയിക്കുമോ; | (സി) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ എസ്. ഐ. ആർ. നടന്നത് 2002-ലാണോ; പ്രസ്തുത പരിഷ്കരണം | (ഡി) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ |

| | | | |
|---|---|---|---|
| | നടത്തിയത് എത്ര നാൾ നീണ്ട നടപടികളിലൂടെയാണെന്ന് അറിയിക്കാമോ; എന്നാണ് 2002ലെ എസ്. ഐ. ആർ. പട്ടിക പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കാമോ; | | നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഈ പട്ടിക ഇപ്പോൾ കേരളത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുനഃപ്രസിദ്ധീകരിച്ചത്; ആയതുമായി ബന്ധപ്പെട്ട് നൽകിയ പ്രധാന അറിയിപ്പുകളും ഉത്തരവുകളും ലഭ്യമാക്കാമോ; പ്രസ്തുത വിവരം ജനങ്ങളെ അറിയിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ഇ) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | എസ്. ഐ. ആർ. നടപടികൾക്കായി ഏതെങ്കിലും രേഖകൾ കൂട്ടുതലായി ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്തെഴുതിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ നൽകാമോ; | (എഫ്) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |
| (ജി) | ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് സംസ്ഥാനത്തുനിന്ന് വിദേശത്തേക്കു കുടിയേറിയവരുടെ കണക്കുകളുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ; കേരളത്തിൽ കലക്ടർമാർ 2002-നുശേഷം ഇന്ത്യൻ പൗരത്വം നൽകിയത് എത്ര പേർക്കാണ്; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;? | (ജി) | വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ 29.09.2025-ന് മുഖ്യമന്ത്രി ചട്ടം 118 പ്രകാരം അവതരിപ്പിച്ച പ്രമേയം നിയമസഭ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രമേയം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ:
# ചട്ടം 118 പ്രകാരം മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം

വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷന്റെ നീക്കം ദേശീയ പൗരത്വ രജിസ്റ്ററിന്റെ വളഞ്ഞ വഴിയിലൂടെയുള്ള നടപ്പാക്കലാണെന്ന ആശങ്ക വ്യാപകമാണ്. ബീഹാറിൽ നടന്ന SIR പ്രക്രിയ ഇത്തരം ആശങ്കകളെ ശരിവെക്കുന്നതുമാണ്.

പുറന്തള്ളലിന്റെ രാഷ്ട്രീയമാണ് ബീഹാർ വോട്ടർ പട്ടിക പരിഷ്കരണത്തിൽ കാണുന്നത്. വോട്ടർപട്ടികയിൽ നിന്നും യുക്തിരഹിതമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്. അതേ രീതിയാണ് ദേശീയ അടിസ്ഥാനത്തിൽ ലക്ഷ്യമിടുന്നത് എന്ന സംശയവും രാജ്യവ്യാപകമായി നിലവിലുണ്ട്.

ബീഹാർ SIR പ്രക്രിയയുടെ ഭരണഘടനാ സാധുത സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കെത്തന്നെ തെരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കുന്ന കേരളം, തമിഴ് നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കൂടി തിടുക്കപ്പെട്ട് ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ നിഷ് കളങ്കമായി കാണാൻ കഴിയില്ല. ദീർഘകാല തയ്യാറെടുപ്പും കൂടിയാലോചനയും ആവശ്യമായ SIR പോലുള്ള പ്രക്രിയ

ഇത്തരത്തിൽ തിടുക്കത്തിൽ നടത്തുന്നത് ജനവിധി അട്ടിമറിക്കാനാണെന്ന ഭയം തെരഞ്ഞെടുപ്പ് കമ്മീഷനെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാനിരിക്കയാണ്. അത് കഴിഞ്ഞാലുടൻ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുകയാണ്. ഈ സാഹചര്യത്തിൽ തിടുക്കപ്പെട്ട് SIR നടത്തുന്നത് ദുരുദ്ദേശ്യപരമാണ്. ഇതിനുമുമ്പ് 2002-ലാണ് കേരളത്തിൽ വോട്ടർ പട്ടികയുടെ തീവ്ര പുനഃപരിശോധന നടന്നത്. ഇപ്പോൾ പുനഃപരിശോധന നടത്തുന്നത് 2002 അടിസ്ഥാനമാക്കിയാണെന്നതും അശാ സ്ത്രീയമാണ്.

1987-നു ശേഷം ജനിച്ചവർ അവരുടെ പിതാവിന്റെയോ മാതാവിന്റെയോ പൗരത്വരേഖ കൂടി നൽകിയാലേ വോട്ടറാകു എന്ന SIR ലെ നിബന്ധന നമ്മുടെ പ്രായപൂർത്തി വോട്ടവ കാശത്തെ ഹനിക്കുന്ന തിരുമാനമാണ്. 2003-നു ശേഷം ജനിച്ചവർ പിതാവിന്റെയും മാതാവിന്റെയും പൗരത്വരേഖകൾ സമർപ്പിച്ചാൽ മാത്രമേ വോട്ടറാവൂ എന്നും നിഷ്ക്കർഷയുണ്ട്. രേഖകളില്ലാത്തതിന്റെ പേരിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത്, ഭരണഘടനയുടെ അനുച്ഛേദം 326 പൗര ന്മാർക്ക് ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിന്റെ

പൂർണമായ ലംഘനമാണ്. സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിൽ ഉള്ളവരാണ് SIR ലെ ഇത്തരം നിബന്ധനകൾ മൂലം വോട്ടവകാശത്തിൽ നിന്നും പുറത്താവുകയെന്നാണ് ഈ മേഖലയിലെ വിദഗ്ധരുടെ പഠനങ്ങൾ കാണിക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ ബഹുഭൂരിപക്ഷവും ഉൾപ്പെടുക. വോട്ടർ പട്ടികയിലുള്ള പ്രവാസി വോട്ടർമാരുടെ വോട്ടവകാശം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടുക്കാനുള്ള ശ്രമം നടത്തുന്നവർ SIR നെ ഏതുവിധമാവും ഉപയോഗിക്കുക എന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽ നിന്നും പിന്തിരിഞ്ഞ് തെരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കൽ നടത്തണം എന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു.

* * *